ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസുവേണം.

ശ്രീ. കുട്ടപ്പൻകോയിക്കൽ : സീസണലാക്കുന്നതിനു മുമ്പായി ഇവിടത്തെ തൊഴിലാളിമാർ ശ്രമിച്ചുവരുന്നതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയും ഒരു വാദമുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതെപ്പറ്റി ഗവണ്മെൻറ് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കിഴക്കേ ആഫ്രിക്കയിൽ നിന്നും കശുഅണ്ടി ഇറക്കുമതിചെയ്യുന്നതിനുള്ള വൈഷമ്യംമൂലം ഈ വ്യവസായം കൂടുതൽ തൊഴിലില്ലായ്മ ഉണ്ടാകുവാൻ ഇടയുണ്ടാക്കുന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടു കൂടുതൽ വിഷമങ്ങൾ ഉണ്ടാകാനിടയുണ്ട്. അതാണ് നമ്മുടെ രാജ്യത്തു കശുഅണ്ടി വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് ആലോചിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : അതിനിപ്പോൾ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നമ്മൾ മാത്രമല്ലാവരും കൂടി ആലോചിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇക്കൊല്ലം കൂടുതൽ കശുഅണ്ടി ആഫ്രിക്കയിൽനിന്നും ഇറക്കുമതിചെയ്യാൻ ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

വിദ്യാർത്ഥികൾ നിർമ്മിച്ച റോഡുകൾ.

* 323. [18] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ :

(എ) 1953-54-ലും, 1954-55-ലും ലേബർവാരംകൊണ്ട് ഈ സംസ്ഥാനത്തിനു ലഭിച്ച വിദ്യാർത്ഥികളുടെ അദ്ധ്വാനത്തിൻറെ വിലയെന്ത് ; അതുകൊണ്ടു നിർമ്മിച്ച റോഡ് ഏത് ;

(ബി) ഈ റോഡുകളുടെ മെയിൻറനൻസിനു സർക്കാർ എത്തെങ്കിലും അനുവദിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1953-54-ൽ, 1954-55-ൽ, വിദ്യാർത്ഥികളുടെ അദ്ധ്വാനത്തിൻറെ വില എന്ത്, അവർ ചെയ്ത ജോലിയുടെ അളവെത്തുക എന്ത് എന്ന കണക്കാക്കിയിട്ടില്ല.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. നീലകണ്ഠൻ : കഴിഞ്ഞ സെഷനിൽ ഞാൻ ഈ ചോദ്യം ചോദിച്ചിട്ടുണ്ടായിരുന്നു. അന്നും ഇവിടെ പറഞ്ഞതു് ഉത്തരം തയ്യാറായിട്ടില്ല എന്നാണു്. അങ്ങിനെ ചോദ്യങ്ങൾക്കു് ശരിയായ മറുപടി തരാത്തതുകൊണ്ടു് ജനങ്ങളുടെ ഉത്സാഹം കുറയുന്നതിനു് ഇടയുണ്ടു്. അതുകൊണ്ടു് ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം നൽകുന്നതിനു് ഏർപ്പാടുചെയ്യണമെന്നു് എനിക്കു് അപേക്ഷയുണ്ടു്.

മി. സ്പീക്കർ : ശരിയായ ഉത്തരം തരുന്നില്ലെങ്കിൽ കിട്ടുന്ന ഉത്തരം വച്ചുകൊണ്ടു് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനും അതേ സംബന്ധിച്ചു വിമർശനം നടത്തുന്നതിനും ഒരു അവസരം ഉണ്ടാക്കുന്നതിനുള്ള പ്രൊവിഷൻസു് റൂൾസ്സിലുണ്ടു്.

യൂണിസെഫിൽനിന്നും നൽകുന്ന അരിയും പാലും.

* 324. [19] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുദ്യോഗസ്ഥന്മാരോ അവർ എതെങ്കിലും കമ്മിറ്റിയുടെ ഔദ്യോഗിക ഭാരവാഹികളോ നടത്തുന്ന ഏതു സ്ഥാപനങ്ങളുടെ പേരിൽ യൂണിസെഫിൽനിന്നും അരിയും പാലും നൽകുന്നുണ്ടു്;

(ബി) അതിൽ വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെന്തു നടപടി സ്വീകരിച്ചു;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു് എന്നു പറയുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറുവക സ്ഥാപനങ്ങളായ രാമവർമ്മപുരം, പള്ളുരുത്തി, പൊന്നുരുന്നി എന്നീ റിലീഫ്സെൻററിൽനിന്നുമുടെ ചുമതലയിൽ അരി പാകം ചെയ്തു് വിതരണം നടത്തുന്നുണ്ടു്. കൂടാതെ ചില സക്കാർ പ്രൈമറി സ്കൂളുകളിലും കോളേജുകളിലുമുള്ള സോഷ്യൽ സർവ്വീസു് ലീഗുകളും മുഖേനയും വിതരണം ചെയ്യുന്നുണ്ടു്. ഈ വിതരണങ്ങളുടെ ചുമതല വഹിക്കുന്നതു് അതാതു സ്ഥാപനങ്ങളുടെ അധികൃതരാണു്. അവർ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരുമാണു്.

(ബി) ഉണ്ടായിട്ടുണ്ടു്.

(സി) നടപടികളും സ്വീകരിച്ചിട്ടുണ്ടു്. അന്വേഷണത്തിൽ ആരോപണം ശരിയല്ലെന്നു മനസ്സിലായി.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ : യൂണിസെഫിൽനിന്നും മേലാൽ അരികിട്ടാൻ സാദ്ധ്യതയുണ്ടോ ?

ശ്രീ. എ. എ. റഹിം : മേലാൽ കിട്ടാൻ സാദ്ധ്യതയില്ല.

ശ്രീ. എം. വി. ചെറിയാൻ : എന്തുകൊണ്ടാണു് അവർ അരിയും പാലും തുടർന്നു തരികയില്ലാ എന്നു പറഞ്ഞതു് ?

ശ്രീ. എ. എ. റഹിം : ഇവിടെ മുമ്പുണ്ടായിരുന്നതുപോലെ ക്ഷാമം ഇപ്പോൾ ഇല്ലെന്നും ഇവിടത്തെ സ്ഥിതി അല്പം ഭേദമായിട്ടുണ്ടെന്നും

LIBRARY ARCHIVES Kerala Legislative Assembly